REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 13-07-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **ഏഴ് സംസ്ഥാനങ്ങളിലെ 13 നിയമസഭാ സീറ്റുകളിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ കോൺഗ്രസിന് മുന്നേറ്റം. അഞ്ചിടങ്ങളിൽ കോൺഗ്രസും നാല് മണ്ഡലങ്ങളിൽ തൃണമൂൽ കോൺഗ്രസും ലീഡ് ചെയ്യുന്നു.**
- **കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് കണ്ണൂർ ജില്ലയിൽ സന്ദർശനം നടത്തും.**
- **വിഴിഞ്ഞം തുറമുഖത്ത് മദർഷിപ്പായ സാൻ ഫെർണാണ്ടോയിൽ നിന്ന് കണ്ടെയ്നർ ഇറക്കുന്നത് പുരോഗമിക്കുന്നു.**
- **സംസ്ഥാനത്ത് മഴ കനക്കുന്നു. കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.**
- **കണ്ണൂർ ചെങ്ങളായിയിൽ തൊഴിലുറപ്പ് ജോലിക്കിടെ കണ്ടെത്തിയ സ്വർണ്ണാഭരണങ്ങളും മറ്റും പുരാവസ്തു വിദഗ്ധർ പരിശോധിക്കും.**
- **ഇന്ത്യ - സിംബാബ്‌വെ ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മൽസരം വൈകീട്ട് ഹരാരെയിൽ.**

## വാർത്തകൾ വിശദമായി

**ഏഴ് സംസ്ഥാനങ്ങളിലെ 13 നിയമസഭാ സീറ്റുകളിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ പുരോഗമിക്കവെ കോൺഗ്രസിന് മുന്നേറ്റം.**

അഞ്ചിടങ്ങളിൽ കോൺഗ്രസും പശ്ചിമബംഗാളിലെ നാല് മണ്ഡലങ്ങളിൽ തൃണമൂൽ കോൺഗ്രസുമാണ് ലീഡ് ചെയ്യുന്നത്.

പഞ്ചാബിലെ വെസ്റ്റ് ജലന്ധർ നിയോജക മണ്ഡലത്തിൽ ആം ആദ്മി പാർട്ടി സ്ഥാനാർത്ഥി മൊഹീന്ദർ ഭഗത് ജയിച്ചു.

BJP യും DMK യും ഓരോ മണ്ഡലത്തിൽ മുന്നിട്ടു നിൽക്കുന്നു.

ഹിമാചൽ പ്രദേശിലെ ഡെഹറ, നലഗഡ്, ഉത്തരാഖണ്ഡിലെ ബദരീനാഥ്, മംഗ്ലൂർ, മധ്യപ്രദേശിലെ അമർവാഡ എന്നിവിടങ്ങളിലാണ് കോൺഗ്രസ് മുന്നിട്ടു നിൽക്കുന്നത്. ഹിമാചൽ പ്രദേശിലെ ഹാമിർപൂരിൽ BJP യാണ് മുന്നിൽ.

തമിഴ്നാട്ടിലെ വിക്രവണ്ടിയിൽ DMK-യും ബിഹാറിലെ രൂപൗലിയിൽ കക്ഷി രഹിതനുമാണ് ലീഡ് ചെയ്യുന്നത്.

ബുധനാഴ്ചയായിരുന്നു ഏഴ് സംസ്ഥാനങ്ങളിലെയും വോട്ടെടുപ്പ്.

✪✪✪

ഡൽഹി I.I.T-യും പ്രസാർഭാരതിയും സംയുക്തമായി സംഘടിപ്പിക്കുന്ന രണ്ടുദിവസത്തെ റോബോട്ട് മത്സരം - ഡിഡി റോബോകോണിന് ന്യൂഡൽഹിയിൽ തുടക്കമായി. രാജ്യത്തെ 45-ലേറെ കോളജുകളിൽനിന്നും സർവകലാശാലകളിൽനിന്നും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുമായി 750 ലേറെ വിദ്യാർത്ഥികളാണ് പരിപാടിയിൽ പങ്കെടുക്കുന്നത്. നിശ്ചിത

സമയത്തിനകം സങ്കീർണമായ പ്രവർത്തനങ്ങൾ റോബോട്ടുകളെക്കൊണ്ട് പൂർത്തീകരിക്കുന്ന രീതിയിലാണ് മത്സരം. വിജയിക്കുന്ന ടീം വിയറ്റ്നാമിൽ നടക്കുന്ന അന്താരാഷ്ട്ര ഏഷ്യ-പസഫിക് ബ്രോഡ്കാസ്റ്റിങ് യൂണിയൻ റോബോകോണിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്യും.

എൻജിനീയറിങ് വിദ്യാർഥികൾക്കിടയിൽ സാങ്കേതിക നൈപുണ്യ വികസനം, നൂതനാശയങ്ങൾ, സംഘം ചേർന്ന് പ്രവർത്തനം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനും റോബോട്ടിക്സ് മേഖലയിലെ അവരുടെ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുന്നതിനുമാണ് മത്സരം സംഘടിപ്പിക്കുന്നതെന്ന് ഡൽഹി ഐഐടി വാർത്താക്കുറിപ്പിൽ അറിയിച്ചു.

✪✪✪

കേരള സാങ്കേതിക സർവകലാശാലയിൽ സേർച്ച് കമ്മിറ്റി രൂപീകരിച്ച ഗവണ്മെന്റ് നടപടിയിൽ പ്രതികരണവുമായി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. ഗവൺമെന്റിന് ഇഷ്ടമനുസരിച്ച് പ്രവർത്തിക്കാമെന്നും നിയമപരമല്ലാത്ത ഒട്ടേറെ കാര്യങ്ങൾ ഗവൺമെന്റ് ചെയ്യുന്നുണ്ട് എന്നും അദ്ദേഹം ഡൽഹിയിൽ പറഞ്ഞു. വിഷയം കോടതി തീരുമാനിക്കുമെന്നും ഗവർണർ വ്യക്തമാക്കി.

✪✪✪

കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് കണ്ണൂർ ജില്ലയിൽ സന്ദർശനം നടത്തും.

ഇരിട്ടിയിൽ പുണ്യശ്ലോകൻ ഫാദർ ആർമണ്ട് മാധവത്തച്ചന്റെ ദൈവദാസ പദവി പ്രഖ്യാപന ചടങ്ങിൽ പങ്കെടുത്ത ശേഷം വൈകീട്ട് അദ്ദേഹം കണ്ണൂർ പയ്യാമ്പലത്തെ മാരാർജി സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തും. തുടർന്ന് BJP ജില്ലാ നേതാക്കളുമായി കൂടിക്കാഴ്ച നടത്തും.

നാളെ ജോർജ്ജ് കുര്യൻ കോഴിക്കോട്ട് BJP പ്രവർത്തകർ ഒരുക്കുന്ന സ്വീകരണ പരിപാടിയിൽ പങ്കെടുക്കും.

✪✪✪

തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം ചൊവ്വാഴ്ച സംസ്ഥാന സമുദ്രയാന, ജലപാത ഗതാഗത സമിതികളുടെ യോഗം വീഡിയോ കോൺഫറൻസിംഗിലൂടെ നടത്തും. സംസ്ഥാനങ്ങളിലെ പ്രത്യേക സമുദ്ര, ജലഗതാഗത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ, മാരിടൈം സെക്ടർ നയങ്ങളുടെ രൂപീകരണം, ക്രൂസ് ടൂറിസം, നഗര ജലഗതാഗതം എന്നിവ യോഗം ചർച്ച ചെയ്യും. രാജ്യത്ത് സമുദ്ര, ജല ഗതാഗതത്തിന്റെ സമഗ്ര വികസനം ഉറപ്പാക്കുകയാണ് യോഗം ലക്ഷ്യമിടുന്നതെന്ന് മന്ത്രാലയം അറിയിച്ചു. ജലപാത ഗതാഗത മേഖല കൈകാര്യം ചെയ്യുന്നതിനും സംയോജിപ്പിക്കുന്നതിനും ഏകീകൃത സമീപനത്തിന്റെ ആവശ്യകത തിരിച്ചറിഞ്ഞ്, ഓരോ സംസ്ഥാനത്തും വിവിധ സംരംഭങ്ങളും പദ്ധതികളും ഏകോപിപ്പിക്കുന്നതിന് മന്ത്രാലയം സംസ്ഥാന മാരിടൈം, ജലപാത ഗതാഗത സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

✪✪✪

വിഴിഞ്ഞം തുറമുഖത്ത് മദർഷിപ്പായ സാൻ ഫെർണാണ്ടോയിൽ നിന്ന് കണ്ടെയ്നർ ഇറക്കുന്നത് പുരോഗമിക്കുന്നു. ആയിരത്തിലേറെ കണ്ടെയ്നറുകൾ ഇറക്കിക്കഴിഞ്ഞു. ആകെ 1930 കണ്ടെയ്നറുകളാണ് ഇറക്കുക. ഇതിനു ശേഷം 607 കണ്ടെയ്നറുകൾ തിരികെ കയറ്റി റീ പൊസിഷൻ ചെയ്യുന്ന ജോലിയും നടക്കും. സാൻ ഫെർണാണ്ടോ നാളെ രാവിലെ തിരികെ പോകും. തിങ്കളാഴ്ച ഫീഡർ വെസ്സൽ എത്തും.

✪✪✪

വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ അഭിമാനമാണെന്നും പ്രതിപക്ഷത്തെ ക്ഷണിക്കാത്തതിൽ പ്രതിഷേധിച്ച് പരിപാടി ബഹിഷ്ക്കരിക്കുന്നത് യുഡിഎഫിന്റെ രീതിയല്ലെന്നും പ്രതിപക്ഷ നേതാവ് V.D സതീശൻ പറഞ്ഞു. വിഴിഞ്ഞം തുറമുഖം കൊണ്ടുവന്നത് UDF ആണ്. കെ കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് തുറമുഖത്തിന്റെ രൂപരേഖ തയ്യാറാക്കിയത്. ഉമ്മൻചാണ്ടി മന്ത്രിസഭ അത് യാഥാർത്ഥ്യമാക്കാൻ പരിശ്രമിച്ചു. ഇടതുപക്ഷം അന്നുതന്നെ തുറമുഖത്തിനെതിരെ നിലപാടെടുക്കുകയാണ് ചെയ്തത്.

സംസ്ഥാനത്തിന്റെ സന്തോഷത്തിൽ പങ്കുചേരുകയാണ് പ്രതിപക്ഷം ചെയ്തതെന്നും ക്രിയാത്മക പ്രതിപക്ഷമായി തുടരുമെന്നും സതീശൻ തൃശൂരിൽ പറഞ്ഞു.

✪✪✪

എത്ര മായ്ക്കാൻ ശ്രമിച്ചാലും വിഴിഞ്ഞം തുറമുഖത്തിന്റെ ക്രെഡിറ്റ് മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് തന്നെയാണെന്ന്

മുതിർന്ന കോൺഗ്രസ് നേതാവ് കെ മുരളീധരൻ പറഞ്ഞു. പല പദ്ധതികളെയും തടസ്സപ്പെടുത്തിയവർ ഇന്ന് വിഴിഞ്ഞത്തിന്റെ ക്രെഡിറ്റ് എടുക്കാൻ വരികയാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് കുറ്റപ്പെടുത്തി.

വിഴിഞ്ഞം എന്നാൽ എല്ലാവരുടെയും ഓർമ്മയിൽ ഉമ്മൻചാണ്ടിയാണെന്നും മുരളീധരൻ പറഞ്ഞു. വിഴിഞ്ഞം പദ്ധതിയിൽ ഉമ്മൻചാണ്ടിയെ സ്മരിച്ച സ്പീക്കർ A.N ഷംസീറിന്റെ നിലപാട് മാതൃകാപരമാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ഫ്രാൻസിസ്കൻ കപ്പൂച്ചിൻ സഭയുടെ പാവനാത്മാ പ്രോവിൻസ് അംഗവും കേരള കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ തുടക്കക്കാരിൽ പ്രധാനിയുമായ പുണ്യശ്ലോകൻ ഫാദർ ആർമണ്ട് മാധവത്തച്ചന്റെ ദൈവദാസ പദവി പ്രഖ്യാപനം ഉച്ചകഴിഞ്ഞ് കണ്ണൂർ ഇരിട്ടിയിൽ നടത്തും.

സീറോ മലബാർ സഭയക്ക് മലബാറിൽ നിന്നു ആദ്യ ദൈവദാസനാണ് കപ്പൂച്ചിൻ സഭാംഗമായ ആർമണ്ട് മാധവത്തച്ചൻ. ഭരണങ്ങാനം അസീസി, ഇരിട്ടി പട്ടാരം വിമലഗിരി എന്നിവിടങ്ങളിലെ ധ്യാന കേന്ദ്രങ്ങൾ സ്ഥാപിച്ചത് ആർമണ്ട് മാധവത്തച്ചനാണ്.

✪✪✪

അറബിക്കടലിൽ പുതിയതായി രൂപംകൊണ്ട ന്യൂനമർദ പാത്തിയുടെ ഫലമായി സംസ്ഥാനത്ത് ചൊവ്വാഴ്ച വരെ മിക്ക ജില്ലകളിലും ശക്തമായ മഴ ലഭിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ

വകുപ്പ് അറിയിച്ചു. വടക്കൻ കേരള തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെയാണ് ന്യൂനമർദ പാത്തി സ്ഥിതിചെയ്യുന്നത്.

അതിശക്ത മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, മലപ്പുറം, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

കേരള - ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ ചൊവ്വാഴ്ച വരെ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

ശക്തമായ മഴയിൽ കോഴിക്കോട് നാദാപുരം ടൗണിൽ ഓട് മേഞ്ഞ ഇരുനില കെട്ടിടത്തിന്റെ പിൻവശം തകർന്നു വീണു. ആളപായമില്ല.

✪✪✪

കണ്ണൂർ ശ്രീകണ്ഠപുരം നഗരസഭയിലെ ചെങ്ങളായിയിൽനിന്ന് തൊഴിലുറപ്പ് ജോലിക്കിടെ കണ്ടെത്തിയ സ്വർണ്ണാഭരണങ്ങളും മറ്റും പുരാവസ്തു വിദഗ്ധർ പരിശോധിക്കും. ഇന്നലെയാണ് റബ്ബർ തോട്ടത്തിൽനിന്ന് ഇവ ലഭിച്ചത്.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാപ്രതിനിധി കെ.ഒ.ശശിധരൻ.

..........വോയ്സ്...........

✪✪✪

ഇന്ത്യ - സിംബാബ്‌വെ ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മൽസരം ഇന്ന്. വൈകീട്ട് സിംബാബ്-വെയിലെ ഹരാരെയിലാണ് മൽസരം. അഞ്ച് മൽസരങ്ങളടങ്ങിയ പരമ്പരയിൽ രണ്ട് മൽസരങ്ങളിൽ ജയിച്ച് ഇന്ത്യ മുന്നിട്ട് നിൽക്കുകയാണ്.

പരമ്പരയിലെ അവസാന മത്സരം നാളെ നടക്കും.

✪✪✪

വിംബിൾഡൺ ടെന്നീസ് വനിതാ സിംഗിൾസ് ഫൈനലിൽ ഇന്ന് ഇറ്റലിയുടെ ജാസ്മിൻ പൗളിനിയും ചെക്ക് റിപ്പബ്ലിക്കിന്റെ ബാർബോറ ക്രെജിക്കോവയും ഏറ്റുമുട്ടും. ലണ്ടനിലെ സെന്റർ കോർട്ടിൽ വൈകീട്ട് 6.30 നാണ് മൽസരം.

പുരുഷ സിംഗിൾസ് ഫൈനലിൽ നാളെ, ഏഴ് തവണ ചാമ്പ്യനായ നൊവാക് ജോക്കോവിച്ചും നിലവിലെ ചാമ്പ്യൻ കാർലോസ് അൽകാരസും തമ്മിൽ മത്സരിക്കും.

✪✪✪

ഇന്ത്യൻ ടെന്നീസ് താരം എൻ. ശ്രീറാം ബാലാജിയും പങ്കാളിയായ ഇക്വഡോർ താരം ഗോൺസാലോ എസ്കോബാറും ബ്രാവോ ഓപ്പൺ എന്നറിയപ്പെടുന്ന ബ്രൗൺഷ്വീഗ് ചലഞ്ചറിലെ പുരുഷ ഡബിൾസ് ഫൈനലിൽ

പ്രവേശിച്ചു. ഇന്ന് നടക്കുന്ന ഫൈനലിൽ അവർ നെതർലാന്റ്സ് ജോഡിയുമായി ഏറ്റുമുട്ടും. വൈകിട്ട് 4.30 ന് ജർമ്മനിയിലെ ബ്രൗൺഷ്വെയ്ഗിലാണ് മത്സരം.

✪✪✪

പ്ലസ് വൺ സീറ്റ് വിഷയത്തിൽ ഗവൺമെന്റിന്റെ നിഷേധാത്മക നിലപാടിനെതിരെ UDF ഈ മാസം 19 ന് കോഴിക്കോട് DDE ഓഫീസിന് മുന്നിൽ അനിശ്ചിതകാല സത്യാഗ്രഹം സംഘടിപ്പിക്കുമെന്ന് മുസ്ലീം ലീഗ് നേതാവ് ഡോ. എം.കെ മുനീർ MLA പറഞ്ഞു. വിദ്യാർത്ഥികൾക്ക് പഠിക്കാൻ അവസരം ഗവൺമെന്റ് എന്തുകൊണ്ട് നിഷേധിക്കുന്നുവെന്നും അദ്ദേഹം കോഴിക്കോട് ചോദിച്ചു. ജില്ലയിൽ പുതിയ ബാച്ചുകൾ അനുവദിച്ചില്ലെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

PSC അംഗത്വവുമായി ബന്ധപ്പെട്ട കോഴിക്കോട്ടെ വിവാദ വിഷയം ഗൗരവമായി കണ്ട് സമഗ്ര അന്വേഷണം നടത്തണമെന്ന് BJP ജില്ലാ പ്രസിഡന്റ് V.K.സജീവൻ ആവശ്യപ്പെട്ടു. CPIM-ന് വലിയ നാണക്കേട് ഉണ്ടാക്കിയ സംഭവത്തിൽ പാർട്ടി ജില്ലാകമ്മറ്റി നേരിട്ട് ഇടപെട്ടാണ് പരാതിയും നിയമനടപടികളും ഒഴിവാക്കി പ്രശ്നം ഒത്തു തീർപ്പാക്കിയതെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

കോഴിക്കോട് ഞെളിയൻ പറമ്പിൽ മാലിന്യ സംസ്കരണ കേന്ദ്രത്തിൽ തീപിടിത്തം. ഫയർ ഫോഴ്സ് തീ അണയ്ക്കാൻ ശ്രമം തുടരുകയാണ്.

✪✪✪

കണ്ണൂർ ഇരിട്ടിക്കടുത്ത് കീഴൂർ കുന്നിൽ നടപ്പാതയിൽ നിന്ന് റോഡിലേക്ക് തെന്നി വീണ വയോധികൻ വാഹനങ്ങൾ കയറി മരിച്ചു. ഇടുക്കി അടിമാലി സ്വദേശി ഗോപാലനാണ് മരിച്ചത്. കഴിഞ്ഞദിവസം രാത്രിയാണ് അപകടം ഉണ്ടായത്. പരിയാരം മെഡിക്കൽ കോളേജിൽ പോസ്റ്റുമോർട്ടത്തിനു ശേഷം മൃതദേഹം നാട്ടിലേക്ക് കൊണ്ടുപോകും.

✪✪✪

കണ്ണൂർ പെരിങ്ങോം താലൂക്ക് ആശുപത്രിക്ക് സമീപം ബൈക്കും ബസ്സും കൂട്ടിയിടിച്ച് ഒരാൾ മരിച്ചു. ഇരിട്ടിയിലെ റ്റിഷ് മാത്യു ആണ് ഇന്നലെ രാത്രി അപകടത്തിൽ മരിച്ചത്.

✪✪✪

വിദ്യാർത്ഥി സംഘർഷത്തെ തുടർന്ന് അടച്ചിട്ട തലശ്ശേരി ഗവൺമെൻറ് ബ്രണ്ണൻ കോളേജ് മറ്റന്നാൾ തുറന്നു പ്രവർത്തിക്കും.

വിദ്യാർഥി സംഘടനകൾ കൊടികൾ, തോരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് മുൻപ് കോളേജ് അധികൃതരിൽനിന്ന് മുൻകൂട്ടി അനുമതി വാങ്ങണമെന്നതുൾപ്പടെ നിർദ്ദേശങ്ങൾ ഇന്നലെ ചേർന്ന സമാധാന യോഗത്തിൽ പോലീസ് മുന്നോട്ടുവച്ചു.

അലങ്കാരങ്ങൾ നടത്തിയാൽ പരിപാടി കഴിഞ്ഞ ഉടൻ അവ സ്ഥാപിച്ചവർ തന്നെ മാറ്റേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്.